(സി) പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ) വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 40 സബ്സ്റ്റേഷനുകൾ (അപ് ഗ്രഡേഷൻ ഉൾപ്പെടെ) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.*

(സി&ഡി) 2015, 2016, 2017 വർഷങ്ങളിൽ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന സബ്സ്റ്റേഷനുകളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.*

ലോക്കൽ ഏരിയ പവർ ഡവലപ്മെന്റ് പദ്ധതി

45(2246) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലോക്കൽ ഏരിയ പവർ ഡവലപ്പ്മെന്റ് പദ്ധതി (LAPDS) നടപ്പിലാക്കുന്നതിലേക്ക് അനുമതി നൽകിയിട്ട് ഉണ്ടായിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും, ഇതിലേക്ക് ആവശ്യമായി വരുന്ന തുക കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇല്ലായെങ്കിൽ എന്നത്തേയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിൽ ലോക്കൽ ഏരിയ പവർ ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി പദ്ധതിക്കായി രൂപീകരിക്കാൻ നിർദ്ദേശിക്കപ്പെട്ട നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള 20 ലക്ഷം രൂപയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പസ് ഫണ്ടിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വിഹിതമായ 5 ലക്ഷം രൂപ അനുവദിച്ചുനൽകുന്നതു സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

(ബി) LA PDS പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ
2. ലൈൻ നിർമ്മാണം
3. തെരുവു വിളക്കു സ്ഥാപിക്കൽ
4. ചില്ല വെട്ടൽ
5. റോഡ് വീതി കൂട്ടുന്നതിനായി ലൈൻ മാറ്റൽ.

ഇതിനു പുറമെ അടിയന്തര ഘട്ടങ്ങളിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിക്കുന്നതിനും ഈ ഫണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്. ഓരോ നിയോജക മണ്ഡലത്തിലേക്കും LAPDS-നായുള്ള 20 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ടിലേക്ക് കെ.എസ്.ഇ.ബി.ലിമിറ്റഡ് 10 ലക്ഷം രൂപയും ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ എം.എൽ.എ. 5 ലക്ഷം രൂപയും നിയോജകമണ്ഡലത്തിൽപ്പെടുന്ന കോർപ്പറേഷൻ, മുനിസ്സിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവ യഥാക്രമം 3 ലക്ഷം രൂപ, 2 ലക്ഷം രൂപ, 1 ലക്ഷം രൂപ എന്ന തോതിലും വിഹിതം നൽകണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നിയോജകമണ്ഡലങ്ങളിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതി നടപ്പിലാക്കാനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly